പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 45 27/06/2011 ൽ മറുപടിക്ക്

## പി.എസ്.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും സമഗ്രമായ ഒരു വെരിഫിക്കേഷൻ നടത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ 14.12.2010ൽ തീരുമാനിച്ചിരുന്നു. അപ്രകാരംതന്നെ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവുകൾ കൃത്യമായി പാലിക്കുന്നതിനും പി.എസ്.സി. നിയമനങ്ങൾ കൂടുതൽ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുവാനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) വിവിധ വകുപ്പുകളിൽ യഥാസമയം ഉണ്ടാകുന്ന ഒഴിവുകൾ ഓൺലൈനായി പി.എസ്.സി.യെ അറിയിക്കുന്നതിനുള്ള സംവിധാനം പി.എസ്.സി..യുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ